## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാചോദ്യം നം. *663

04/04/2018 ൽ മറുപടിക്ക്

## കശുവണ്ടി തൊഴിലാളികളുടെ തൊഴിൽ സാദ്ധ്യത

**ചോദ്യം**

ശ്രീ.പി.ഉബൈദുള്ള
ശ്രീ.മഞ്ഞളാംകുഴി അലി
ശ്രീ.പി.കെ.ബഷീർ

**ഉത്തരം**

ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കശുവണ്ടി ഫാക്ടറികളുടെ ആധുനിക വത്ക്കരണത്തോടൊപ്പമുള്ള അനിവാര്യമായ യന്ത്രവൽക്കരണം പരമ്പരാഗത തൊഴിലാളികളുടെ തൊഴിൽ സാദ്ധ്യതകളെ എപ്രകാരം ബാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ; | (എ) | പൂർണ്ണ യന്ത്രവൽക്കരണം കാഷ്യു മേഖലയിലെ തൊഴിൽ സാധ്യത ഇല്ലാതാക്കും. കശുവണ്ടി വികസന കോർപ്പറേഷനിലും കാപെക്സിലും വ്യവസായത്തിൽ പ്രോസസിംഗിന് പരമ്പരാഗത രീതിയാണ് അവലംബിച്ച് വരുന്നത്. ഷെല്ലിംഗ് ജോലികളിൽ നിലവിൽ പുതുതായി തൊഴിലാളികളെ ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ടി സെക്ഷനിൽ തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടാതെയുള്ള ഭാഗീകമായ യന്ത്രവല്ക്കരണത്തിനാണ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നത്. ഭാഗീക യന്ത്രവൽക്കരണം വഴി ഷെല്ലിംഗ് സെക്ഷനിലെ അനാരോഗ്യകരമായ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിനും സഹായകരമാവും. ഷെല്ലിംഗ് സെക്ഷൻ യന്ത്രവൽകൃതമാക്കുമ്പോൾ യന്ത്രവൽകൃതമായ ജോലികളിൽ ഏർപ്പെടാൻ താല്പര്യമുള്ള തൊഴിലാളികളെ ആയതിലേയ്ക്ക് വിന്യസിക്കാനും, ശേഷിക്കുന്നവരെ പരമ്പരാഗത രീതി തുടരാൻ അനുവദിക്കാനുമാണ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നത്. ആയതിനാൽ പൂർണ്ണ യന്ത്രവൽക്കരണം ഈ മേഖലയിൽ നടപ്പാക്കാൻ |

| | | | |
|---|---|---|---|
| | | | സർക്കാർ ഉദ്ദേശിക്കുന്നില്ല. |
| (ബി) | തോട്ടണ്ടി ക്ഷാമം തൊഴിലവസരങ്ങൾ പരിമിതപ്പെടുത്തുന്നുവെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പരിഹാര നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ? | (ബി) | ഉണ്ട്. കശുവണ്ടി സംസ്കരണ മേഖല ഇന്ന് നേരിട്ടു കൊണ്ടിരിക്കുന്ന അസംസ്കൃത തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിനായി കശുവണ്ടി ഉല്പാദിപ്പിക്കുന്ന വിദേശ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ കേരള കാഷ്യൂബോർഡ് രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഗവൺമെന്റ് ടു ഗവൺമെന്റ് അടിസ്ഥാനത്തിൽ തോട്ടണ്ടി സംഭരിക്കാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും അതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുകയാണ്. ടാൻസാനിയായിൽ നിന്നും ലേലത്തിൽ തോട്ടണ്ടി വാങ്ങിക്കുന്നതിന് അവിടെ കമ്പനി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി എടുത്തു വരുന്നു. ഐവറി കോസ്റ്റിൽ സഹകരണ സ്ഥാപനങ്ങളും മറ്റ് വ്യാപാരികളുമാണ് തോട്ടണ്ടി വ്യാപാരം നടത്തി വരുന്നത്. മൊസാബിക്കിലും സർക്കാർ ഏജൻസികൾ തോട്ടണ്ടി കയറ്റുമതി ചെയ്യുന്നില്ല. ഈ സാഹചര്യത്തിൽ EOI വിളിച്ച് ടെന്റർ നടപടികളിലൂടെ ഈ മൂന്ന് രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടികളാണ് കാഷ്യൂബോർഡ് സ്വീകരിച്ചു വരുന്നത്. തോട്ടണ്ടി വിദേശ രാജ്യങ്ങളിൽ നിന്നും ശേഖരിക്കുന്നതോടൊപ്പം തന്നെ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുന്ന കാര്യവും കാഷ്യൂ ബോർഡ് ആലോചിച്ചു വരുന്നു.<br>ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി പരമാവധി സംഭരിക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകൾ, അവയുടെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ, പ്ലാന്റേഷ |

| | | | |
|---|---|---|---|
| | | | നുകൾ, ഫാമുകൾ എന്നിവിടങ്ങളിൽ ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സിനും ലഭ്യമാക്കാനാവശ്യമായ ഇടപെടലുകൾ സർക്കാർ സ്വീകരിച്ചു വരുന്നു.<br>കാലാകാലങ്ങളിൽ വിദേശ രാജ്യങ്ങളിൽ ഏർപ്പെടുത്തുന്ന പുതിയ വ്യവസ്ഥകൾ മൂലം തോട്ടണ്ടി സംഭരണം പ്രയാസമാകുകയാണ്. ഈ സാഹചര്യത്തിൽ കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി അത്യുൽപാദന ശേഷിയുള്ള കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ